**പതിനഞ്ചാം കേരള നിയമസഭ**

**പതിമൂന്നാം സമ്മേളനം**

**08.10.2024-ൽ സഭയുടെ മേശപ്പുറത്തുവച്ച (23.01.2025 ന് വീണ്ടും സഭയുടെ മേശപ്പുറത്തുവച്ച) സ.ഉ.(അച്ചടി) നം. 4/2021/വ്യവ. തീയതി 16.02.2021 (എസ്.ആർ.ഒ.നം.312/2021) വിജ്ഞാപനത്തിനുള്ള ഭേദഗതി നോട്ടീസ്**

**(2025 മാർച്ച് 11-ന് സഭ പരിഗണിക്കുന്നത്)**

**ഡോ. എൻ. ജയരാജ് :**

**"2021-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗരപ്രദേശ വികസനവും (ഭേദഗതി) ചട്ടങ്ങളിൽ" താഴെപ്പറയുന്ന ഭേദഗതികൾ നിർദേശിക്കുന്നു.**

1) **ചട്ടം 2(3) പ്രകാരം പകരം ചേർക്കുന്ന മൂലചട്ടത്തിലെ 5-ാം ചട്ടത്തിൽ** “7, 8, 9” എന്നതിനു പകരം "ആക്റ്റിലെ 7, 8, 9” എന്നീ വാക്കുകളും അക്കങ്ങളും ചിഹ്നങ്ങളും ചേർക്കുക.

2) **ചട്ടം 2(3) പ്രകാരം പകരം ചേർക്കുന്ന മൂലചട്ടത്തിലെ 5-ാം ചട്ടത്തിൽ** "സർവ്വീസ് ചാർജ്ജുകൾ ഉൾപ്പെടെ" എന്നീ വാക്കുകൾക്ക് പകരം, "സർവ്വീസ് ചാർജ്ജും ആക്റ്റിലെ 7(1), 8(1), 9(1) എന്നീ വകുപ്പുകളിൽ പരാമർശിച്ചിട്ടുള്ള ഫീസും ഉൾപ്പെടെ" എന്നീ വാക്കുകളും അക്കങ്ങളും ബ്രാക്കറ്റുകളും ചിഹ്നങ്ങളും ചേർക്കുക.

3) **ചട്ടം 2(3) പ്രകാരം പകരം ചേർക്കുന്ന മൂലചട്ടത്തിലെ 5-ാം ചട്ടത്തിൽ** "സംയുക്ത അപേക്ഷ" എന്നീ വാക്കുകൾക്ക് പകരം "സംയുക്ത/പൊതുവായ അപേക്ഷ" എന്നീ വാക്കുകളും ചിഹ്നവും ചേർക്കുക.

4) **ചട്ടം 2(3) പ്രകാരം പകരം ചേർക്കുന്ന മൂലചട്ടത്തിലെ 5-ാം ചട്ടത്തിൽ** "അപേക്ഷ ഫാറം സമർപ്പിക്കുവാൻ'' എന്നീ വാക്കുകൾക്ക് പകരം ''അപേക്ഷ സമർപ്പിക്കുവാനോ സർവ്വീസ് ചാർജ്ജും ഫീസും ഒടുക്കുവാനോ'' എന്നീ വാക്കുകൾ ചേർക്കുക.

5) **ചട്ടം 2(3) പ്രകാരം പകരം ചേർക്കുന്ന മൂലചട്ടത്തിലെ 5-ാം ചട്ടത്തിൽ** "പ്രസ്തുത അപേക്ഷ" എന്നീ വാക്കുകൾക്ക് പകരം "പ്രസ്തുത അപേക്ഷയും സർവ്വീസ് ചാർജ്ജും ഫീസും" എന്നീ വാക്കുകൾ ചേർക്കുക.

6) **ചട്ടം 2(5) പ്രകാരം മൂലചട്ടത്തിൽ പുതുതായി ചേർക്കുന്ന അദ്ധ്യായം 4 എ-യിൽ** "സംബന്ധിച്ച് ബന്ധപ്പെട്ട" എന്നീ വാക്കുകൾക്ക് പകരം "സംബന്ധിച്ചോ ബന്ധപ്പെട്ട" എന്നീ വാക്കുകൾ ചേർക്കുക.

7) **ചട്ടം 2(7)(എ) പ്രകാരം പകരം ചേർക്കുന്ന മൂലചട്ടത്തിലെ ചട്ടം 17(1)-ൽ** "സർവ്വീസ് ചാർജ്ജ് നൽകുമ്പോൾ" എന്നീ വാക്കുകൾക്ക് പകരം "സർവ്വീസ് ചാർജ്ജും ആക്റ്റിലെ സെക്ഷൻ 7(1), 8(1), 9(1) എന്നിവ പ്രകാരമുള്ള ഫീസും നൽകുമ്പോൾ" എന്നീ വാക്കുകളും അക്കങ്ങളും ചിഹ്നങ്ങളും ബ്രായ്ക്കറ്റുകളും ചേർക്കുക.

8) **ചട്ടം 2(7)(എ) പ്രകാരം പകരം ചേർക്കുന്ന മൂലചട്ടത്തിലെ ചട്ടം 17(1)-ൽ** "സർവ്വീസ് ചാർജ്ജായി" എന്നതിന് പകരം "സർവ്വീസ് ചാർജ്ജ്, ഫീസ് എന്നിങ്ങനെ" എന്ന് ചേർക്കുക.

9) **ചട്ടം 2(7)(എ) പ്രകാരം പകരം ചേർക്കുന്ന മൂലചട്ടത്തിലെ ചട്ടം 17(1)-ൽ** "സർവ്വീസ് ചാർജ്ജ് സംബന്ധിച്ച" എന്നതിന് പകരം "സർവ്വീസ് ചാർജ്ജ്, ഫീസ് എന്നിവ സംബന്ധിച്ച" എന്ന് ചേർക്കുക.

10) **2(8)(എ) പ്രകാരം പകരം ചേർക്കുന്ന മൂലചട്ടത്തിലെ ഫാറം എ-യിൽ** "(ചട്ടം 5 കാണുക)" എന്നതിനുശേഷം “1999-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗരപ്രദേശ വികസനവും ആക്റ്റ് (2000-ലെ 5)-ലെ 7(1), 8(1), 9(1) എന്നീ വകുപ്പുകൾ പ്രകാരം സമർപ്പിക്കേണ്ട അപേക്ഷ " എന്ന് ചേർക്കുക.

11) **ചട്ടം 2(8)(എ) പ്രകാരം പകരം ചേർക്കുന്ന മൂലചട്ടത്തിലെ ഫാറം എ-യിൽ** II. ഭൂമി സംബന്ധമായ വിശദാംശങ്ങളിലെ (ബി) ഇനത്തിൽ "സംരംഭം" എന്ന വാക്കിനുപകരം "വ്യവസായ സ്ഥാപനം" എന്നീ വാക്കുകൾ ചേർക്കുക.

12) **ചട്ടം 2(8)(ബി) പ്രകാരം പകരം ചേർക്കുന്ന മൂലചട്ടത്തിലെ ഫാറം സി-യിൽ** "സംരംഭം" എന്ന വാക്കിനുപകരം "വ്യവസായ സ്ഥാപനം" എന്നീ വാക്കുകൾ ചേർക്കുക.

13) **ചട്ടം 2(8)(ബി) പ്രകാരം പകരം ചേർക്കുന്ന മൂലചട്ടത്തിലെ ഫാറം സി-യിൽ** "സ്ഥാപിക്കുന്നതിലേക്ക്" എന്ന വാക്കിനുപകരം "സ്ഥാപിക്കുന്നതിനോ വിപുലീകരിക്കുന്നതിനോ വൈവിദ്ധ്യവൽക്കരിക്കുന്നതിനോ ആധുനികവൽക്കരിക്കുന്നതിനോ" എന്നീ വാക്കുകൾ ചേർക്കുക.

14) **ചട്ടം 2(8)(ബി) പ്രകാരം പകരം ചേർക്കുന്ന മൂലചട്ടത്തിലെ ഫാറം സി-യിൽ** "വകുപ്പ് ഏജൻസിയിൽ" എന്നീ വാക്കുകൾക്ക് പകരം "വകുപ്പ്/ഏജൻസിയിൽ" എന്നീ വാക്കുകളും ചിഹ്നവും ചേർക്കുക.

15) **ചട്ടം 2(8)(ബി) പ്രകാരം പകരം ചേർക്കുന്ന മൂലചട്ടത്തിലെ ഫാറം സി-യിൽ** "ക്ലിയറൻസ്/സർട്ടിഫിക്കറ്റ്/ലൈസൻസ്" എന്നീ വാക്കുകളും ചിഹ്നങ്ങളും

എവിടെയെല്ലാം വരുന്നുവോ അവിടെയെല്ലാം "ക്ലിയറൻസ്/സർട്ടിഫിക്കറ്റ്/ലൈസൻസ്/അതിന്റെ പുതുക്കൽ" എന്നീ വാക്കുകളും ചിഹ്നങ്ങളും ചേർക്കുക.

16) **ചട്ടം 2(8)(ബി) പ്രകാരം പകരം ചേർക്കുന്ന മൂലചട്ടത്തിലെ ഫാറം സി-യിൽ** "കാണുന്നപക്ഷം കരുതപ്പെട്ടതായി കരുതുന്ന" എന്നീ വാക്കുകൾക്ക് പകരം "കാണുന്നപക്ഷം നൽകപ്പെട്ടതായി കരുതുന്ന" എന്നീ വാക്കുകൾ ചേർക്കുക.

17) **ചട്ടം 2(8)(ബി) പ്രകാരം പകരം ചേർക്കുന്ന മൂലചട്ടത്തിലെ ഫാറം സി-യിൽ,** "ഉണ്ടായിരിക്കുന്നതും അപേക്ഷകന് മേൽ വകുപ്പുകൾ പ്രകാരമുള്ള പിഴ ചുമത്താവുന്നതുമാണ്." എന്നീ വാക്കുകൾക്ക് പകരം "ഉണ്ടായിരിക്കുന്നതാണ്." എന്ന വാക്ക് ചേർക്കുക.

18) **ചട്ടം 2(8)(ബി) പ്രകാരം പകരം ചേർക്കുന്ന മൂലചട്ടത്തിലെ ഫാറം സി-യിൽ** "നൽകപ്പെട്ടിരിക്കുന്നു." എന്ന വാക്കിനും ചിഹ്നത്തിനും താഴെയായി,

“ (സീൽ)

പേര്

ഉദ്യോഗപ്പേര്

........വ്യവസായ പ്രദേശ ബോർഡ്/.........ജില്ലാ ബോർഡ്/

സംസ്ഥാന ബോർഡ് "

എന്നീ വാക്കുകളും ചിഹ്നങ്ങളും ചേർക്കുക.

കേരള നിയമസഭാ സെക്രട്ടേറിയറ്റ്,
തിരുവനന്തപുരം,
2025 ഫെബ്രുവരി 25.

ഡോ. എൻ. കൃഷ്ണ കുമാർ,
സെക്രട്ടറി.